**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6551** **11-11-2021 - ൽ മറുപടിയ്ക്ക്**

**നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.പി. സുമോദ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നാളികേര വികസനം സാധ്യമാക്കുന്നതിന് തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനം, ബഹുവിള സമ്പ്രദായം, സംയോജിത കൃഷി സമ്പ്രദായം, മൂല്യവർദ്ധന അടിസ്ഥാനമാക്കിയുള്ള സംരംഭകത്വ സംരംഭങ്ങളുടെ പ്രോത്സാഹനം എന്നീ പദ്ധതികളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ലക്ഷ്യം നിറവേറ്റുന്നതിന് ഇത് എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് നാളികേര വികസനം സാധ്യമാക്കി കേരകർഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് 2014-15 മുതൽ നാളികേര കർഷകർക്കായി, കേരഗ്രാമം പദ്ധതി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. നാളികേരത്തിന്റെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ പരിപാലന കൃഷി മുറകളായ തെങ്ങിന്റെ തടം തുറക്കൽ, പുതയിടീൽ, രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, വിസ്തൃതി വ്യാപനത്തിനായി ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നി പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് 2014 -15 മുതൽ 2020 -21 വരെ, 251 കേരഗ്രാമങ്ങൾ പ്രാവർത്തികമാക്കി. പ്രസ്തുത കാലയളവിൽ പദ്ധതി പ്രകാരമുള്ള സംയോജിത വിള പരിപാലന മുറകൾ 121116.4005 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. 5712.73 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞു. കൂടാതെ, 22952 എണ്ണം തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് വിതരണം ചെയ്തു. ജൈവവള നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരുടെ പുരയിടങ്ങളിൽ 2123 ജൈവവള നിർമ്മാണ യൂണിറ്റുകളും പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 17 എണ്ണം മൂല്യവർദ്ധിത സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. വളപ്രയോഗരീതി പ്രോത്സാഹിപ്പിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചതിലൂടെയും നാളികേര ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകർക്ക് അധിക വരുമാനം ലഭിക്കുന്നതിനും പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെ കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10739 നാളികേരം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയാണ് ഉത്പാദനക്ഷമതയിൽ ഈ വർദ്ധനവ് ഉണ്ടായതെന്നാണ് പ്രസ്തുത പഠനത്തിൽ പറയുന്നത്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ടിൻ പ്രകാരം 2019-20 ൽ കേരളത്തിലെ ഉല്പാദനക്ഷമത 6328 നാളികേരമാണ്. 2021-22 വർഷത്തിൽ നാളികേര വികസന പദ്ധതി പ്രകാരം 84 കേരഗ്രാമങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നാളികേര വികസന പദ്ധതി പ്രകാരം കേരഗ്രാമം ഘടകം ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 7547 ലക്ഷം രൂപ 2021-22 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യമിട്ട് ആരംഭിച്ച നാളികേര മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നാളികേര സമ്പത്ത് പുനരുജ്ജീവിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് 2018-19 മുതൽ 2027-28 വരെ നീളുന്ന 10 വർഷത്തെ നാളികേര കൃഷി വികസന പ്രവർത്തനങ്ങൾക്കായി 21.11.2018 ലെ സർക്കാർ ഉത്തരവ് (കൈ)നം.138/2018/കൃഷി, പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപികരിച്ചിട്ടുണ്ട്. ഈ കൗൺസിലിന്റെ ജനറൽ കൗൺസിൽ യോഗം 17/06/2021 ന് ഓൺലൈനായി കൂടുകയും കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. സംസ്ഥാനത്തെ നാളീകേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും, രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിച്ചും നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, |

| | | | |
|---|---|---|---|
| | | | നാളികേരത്തിന്റെ മൂല്യവർദ്ധനവും, വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് നാളീകേര വികസന കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കേരള കാർഷിക സർവകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി),കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവയുടെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരികയാണ്. നാളികേര കൃഷിയുടെ പുനരുജ്ജീവനവും പുനഃസ്ഥാപനവും ലക്ഷ്യമിട്ട് ഗുണമേന്മയും ഉല്പാദനശേഷിയുമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിസ്തൃതി വ്യാപനത്തിനായി കോക്കനട്ട് മിഷന്റെ ഭാഗമായി 50 % സബ്സിഡി നിരക്കിൽ 2019 -20 മുതൽ 2021 -22 വരെ 2181817 എണ്ണം തെങ്ങിൻ തൈകൾ വിതരണം ചെയ്തതിലൂടെ 12467 .52 ഹെക്ടർ നാളികേര കൃഷി വിസ്തൃതി വ്യാപിപ്പിച്ച് പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| വർഷം | നെടിയ ഇനം (WCT) | കുറിയ ഇനം (Dwarf) | സങ്കര ഇനം (Hybrid) | ആകെ എണ്ണം |
|---|---|---|---|---|
| 2019-20 | 222751 | 32493 | 95781 | **3,51,025** |
| 2020-21 | 606967 | 29217 | 120986 | **7,57,170** |
| 2021-22 | 910518 | 33496 | 129608 | **10,73,622** |
| ആകെ | 1740236 | 95206 | 346375 | **21, 81,817** |